**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4711** **10-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തു വരുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്കാണ് ഇതിന്റെ ഗുണം ലഭിക്കുന്നത്. 11.23 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ഇത് കൂടാതെ ക്ഷീരകർഷക ക്ഷേമനിധി, ക്ഷീര സഹകരണ സംഘങ്ങൾ മുഖാന്തരം കോവിഡ് ബാധിതരായ ക്ഷീരകർഷകർക്ക് അതിജീവനത്തിനായി വിവിധതരം ധന സഹായവും നൽകി വരുന്നു. കൂടാതെ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് കേന്ദ്രമാക്കി ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ക്ഷീര കർഷകർക്ക് കോവിഡ് രോഗബാധയുണ്ടാവുമ്പോൾ അവരുടെ കന്നുകാലികളെയും കറവപ്പശുക്കളെയും സംരക്ഷിക്കുന്നതിന് ക്ഷീരസംഘങ്ങൾ വഴി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; ഇതിന് സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് സംവിധാനമുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രതിസന്ധി ഘട്ടങ്ങളിൽ പാൽ സംഭരണത്തിന് ഒരു തടസ്സവും വരാതിരിക്കാൻ പ്രാദേശികമായുള്ള കർഷകരേയും, ക്ഷീരസംഘം പ്രതിനിധികളേയും, ഉദ്യോഗ സ്ഥരെയും ഉൾപ്പെടുത്തി ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റിക്ക് രൂപം കൊടുത്തിരുന്നു. പ്രസ്തുത കമ്മറ്റി ഇത്തരം പ്രതിസന്ധി ഘട്ടങ്ങളിൽ കർഷകർക്ക് വന്ന നാശനഷ്ടങ്ങൾ കണക്കാക്കി ധനസഹായം നൽകുകയും ചെയ്യുന്നു. ക്ഷീര കർഷകർക്ക് കോവിഡ് രോഗബാധയുണ്ടാവുമ്പോൾ അവരുടെ കന്നുകാലികളെയും കറവപ്പശുക്കളെയും സംരക്ഷിക്കുന്നതിനും, കറവ, പശുക്കൾ ക്കുള്ള ഭക്ഷണം എന്നീ സൗകര്യങ്ങൾ ഒരുക്കി കേരളത്തിലെ വിവിധ ജില്ലകളിലുള്ള ക്ഷീരസംഘങ്ങൾ മാതൃകാപരമായ രീതിയിൽ നടപടികളെടുത്ത് കർഷകരെ സഹായിച്ചു. |
| (സി) | പ്രസ്തുത ക്ഷീരകർഷകർക്ക് സഹായധനം | (സി) | ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനായി |

| | | | |
|---|---|---|---|
| | ലഭ്യമാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | | ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും ക്ഷീര സംഘങ്ങൾ വഴി സംഭരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു പ്രകാരം ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും മിൽമ സംഭരിക്കുന്നുണ്ട്. പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ, 2.04 ലക്ഷം ക്ഷീര കർഷകർക്ക് പ്രയോജനപ്പെടും വിധം നടപ്പിലാക്കി വരുന്നു. കോവിഡ് ബാധിച്ച ക്ഷീര കർഷകർക്ക് ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖാന്തരം അടിയന്തിര ധനസഹായം നൽകിയിരുന്നു. കോവിഡ് നിരീക്ഷ ണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000/- രൂപയും, കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000/- രൂപയും, കോവിഡ് ദുരിതവുമായി ബന്ധപ്പെട്ട് മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും നൽകിയിട്ടുണ്ട്. (കുറഞ്ഞത് 250/- രൂപ പരമാവധി 1,000/- രൂപ) |

സെക്ഷൻ ഓഫീസർ